

മരിയൻ ജോർജ്

# വിശുദ്ധഗിരിയിൽ വിശ്രമം

സമുദ്രനിരപ്പിൽനിന്നു നൂറ്റമ്പതടി ഉയരത്തിൽ ഒരു ഭൂസ്വർഗം. അവിടെ ഹൃദയങ്ങൾ ശാന്തമാകുന്നു; അസ്വസ്ഥമായ മനസുകൾ അടങ്ങുന്നു; ജീവിതത്തിൽ നടക്കേണ്ട വഴികളേതെന്ന ബോധം ഉള്ളിൽ നിറയുന്നു; എവിടെനിന്നോ എന്നപോലെ പ്രത്യാശയും പ്രതീക്ഷയും കൈവരുന്നു.

കാൽനൂറ്റാണ്ടിന്റെ പരിചയമുള്ള മാന്നാനത്തെ വിശുദ്ധഗിരിയെ എങ്ങനെയൊക്കെയാണു വിശേഷിപ്പിക്കുക. മലയാളത്തിന്റെ ഊർശ്ലേം എന്നോ? 25വർഷം മുൻപ് മാന്നാനം ദേവാലയത്തിന്റെ പടികൾ ആദ്യമായി ചവിട്ടിക്കയറുമ്പോൾ അങ്ങനെയൊരു കല്പനാദർശനം ഉണ്ടായിരുന്നു എന്നാണോർമ. മലമുകളിലെ ജറൂസലം ദേവാലയത്തിലേക്കു കടന്നുചെല്ലുന്ന അനുഭൂതി.

ആ അനുഭൂതി ഒരു കെടാത്തിരി പോലെ ഇന്നും ഉള്ളിലെരിയുന്നു. ഇതേ അനുഭൂതിയുമായി പതിനായിരങ്ങൾ, അല്ല ലക്ഷങ്ങൾ ഇന്നീ മലയാളമണ്ണിലുണ്ടെന്നറിയാം. എത്രയോ പേർ കടന്നുപോയ പാതയിലൂടെയാണ് രണ്ടരപ്പതിറ്റാണ്ടുമുമ്പ് അപരിചിതരായ അനേകം അനുഗ്രഹാർഥികളിലൊരാളായി, വിശ്വാസിശിശു മാത്രമായി നടന്നുനീങ്ങി അനുഗ്രഹം പ്രാപിച്ചത്.

നമുക്കു മുമ്പുള്ള കാലത്തെക്കുറിച്ചു നമുക്കെന്തറിയാം? പിന്നീടുള്ള കാലത്തെക്കുറിച്ചാകട്ടെ, വിസ്മയജനകമായവ മാത്രമേ പറയാനുള്ളൂ. അന്നു നൂറെങ്കിൽ ഇപ്പോൾ പതിനായിരം. അന്നു പതിനായിരമെങ്കിൽ ഇന്നു ലക്ഷങ്ങൾ. മാന്നാനത്തെ ധന്യഭൂമിയിലൂടെ അനുഗ്രഹം തേടി തീർഥാടനം നടത്തുന്നവരുടെ എണ്ണവും തരവും ജാതിയും കൂട്ടവും തിട്ടപ്പെടുത്താൻ ആർക്കുമത്ര എളുപ്പമാകില്ല.

ഒരു കാര്യം പകൽസൂര്യനെപ്പോലെ തെളിഞ്ഞു നിൽക്കുന്നു. മാന്നാനം കുന്നിന്റെ നെറുകയിൽ അദൃശ്യ

*മാന്നാനത്തുള്ള ചാവറയച്ചന്റെ കബറിടം*



നായി നിന്ന് ആ പുണ്യാത്മാവ് അനുഗ്രഹങ്ങൾ വാരി ച്ചൊരിയുന്നു. സ്വർഗത്തിനും മനുഷ്യർക്കുമിടയിൽ ആ പുണ്യദേഹി സൃഷ്ടമധ്യസ്ഥനായി നിത്യദൗത്യം ഏറ്റെടുത്തിരിക്കുന്നു.

അതിനു സാക്ഷ്യം ലക്ഷങ്ങളുടെ അന്തരാത്മാവുതന്നെ നൽകുന്നു.

ഒരിക്കലൊന്നു കാണാനിടയായാൽ ഏതാത്മാവും ഏറ്റുപറയും, ഇതു ദൈവം തെരഞ്ഞെടുത്ത മണ്ണാണ്. പെനുവേൽ പോലെ, ഹോറെബ് പോലെ, താബോർ പോലെ, കേരളത്തിന്റെ കാർമൽമലപോലെ മാന്നാനം. ദൈവത്തിന്റെ സ്വന്തം നാടെന്നു പറയേണ്ടത് ഈ ചെറുകുന്നിനെ ആയിരുന്നില്ലേ? ഇവിടെ വന്നുപോയിട്ടുള്ള ആരും അങ്ങനെ സ്വയം ചോദിച്ചിട്ടുണ്ടാകും. ദൈവം മനുഷ്യനുമായി സന്ധിക്കുന്നതു വിശുദ്ധഗിരിയിൽത്തന്നെ എന്നു പലവട്ടം ഉരുവിട്ടിട്ടുമുണ്ടാകും. ഇവിടം ഭൂമിയിലെ സ്വർഗമല്ലെങ്കിൽ മറ്റെവിടെയാണത്?

ഒരു വശത്തു മനുഷ്യനെ അത്യാഹ്ലാദം കൊള്ളിക്കുന്ന, സ്വയം മറക്കാൻ അവനെ പ്രേരിപ്പിക്കുന്ന വശ്യമായ പ്രകൃതിസൗന്ദര്യം. അതോടൊപ്പം ആരെയും ദൈവോന്മുഖമാക്കുന്ന ആധ്യാത്മിക ഓജസും ചൈതന്യവും തുളുമ്പുന്ന അന്തരീക്ഷം. ചാവറയച്ചന്റെ അദൃശ്യമായ അനുഗ്രഹം അനുഭവിച്ചറിയാതെ ഒരു തീർഥാടകനും ഒരു വിശ്വാസിയും, എന്തിന് ഒരു കേവലസഞ്ചാരിപോലും, ഇവിടെനിന്നു മടങ്ങിപ്പോയിട്ടുണ്ടാകില്ല.

ഒരു കാര്യം പറഞ്ഞേ മതിയാകൂ. ദൈവം തന്റെ പദ്ധതിക്കായി മനുഷ്യരെ മാത്രമല്ല, സ്ഥലവും തെരഞ്ഞെടുക്കുന്നു. അല്ലെങ്കിൽ കാടും മേടുമായി, പുറംലോകത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ കഴിഞ്ഞിരുന്ന മാന്നാനം എങ്ങനെ പോരൂക്കര തോമസ് മല്പാനച്ചൻ, പാലയ്ക്കൽ തോമസ് മല്പാനച്ചൻ, ചാവറയച്ചൻ എന്നിവരുടെ കർമഭൂമിയായി? ലോകമായകളിൽനിന്നു സ്വയം ഒഴിഞ്ഞുമാറി വനവാസതുല്യമായ ആത്മത്യാഗജീവിതം നയിക്കാനുള്ള സ്ഥാനം മാത്രമായി മൂന്നു ധന്യാത്മാക്കൾ കണ്ടെത്തിയ ഈ ഉൾപ്രദേശം എങ്ങനെ മലയാളസഭയുടെ പ്രകാശഗോപുരമായി ഉയർന്നു?

കേരളത്തിലെ സുറിയാനി കത്തോലിക്കാസഭയെ ആഗോളകത്തോലിക്കാ കൂട്ടായ്മയിലെ ദീപ്തനക്ഷത്രമാക്കിയ ദൈവപരിപാലനയുടെ വിളനിലമാകാൻ മാന്നാനത്തിന് എങ്ങനെ കഴിഞ്ഞു? ഈ കൊച്ചുപ്രദേശത്തെ ദൈവം തെരഞ്ഞെടുത്തതു കാണാൻ ചാവറയച്ചനും മറ്റു ധന്യാത്മാക്കൾക്കും എങ്ങനെ കഴിഞ്ഞു?

ഏതാണ്ട് ഒന്നേമുക്കാൻ നൂറ്റാണ്ടുമുമ്പാണു പോരൂക്കരയച്ചനും പാലയ്ക്കലച്ചനും ചാവറയച്ചനും ചേർന്നു മാന്നാനത്തെ 'ബേസ് റൗമാ' എന്നു വിളിച്ചത്. ഉന്നതഭവനം അഥവാ സ്വർഗീയ ജറുസലം എന്നു മാന്നാനത്തെ അന്നു വിശേഷിപ്പിച്ച അവരുടെ നാവുകളിൽ ആ വാക്കു കോറിയത് ഉന്നതങ്ങളിൽ വാഴുന്ന ദൈവമല്ലാതെ മറ്റാരായിരുന്നു? തെല്ലെങ്കിലും സംശയിക്കുന്നവർക്കുള്ള ഉത്തരം ദൈവം മാന്നാനത്തെ എത്രമാത്രം ഉയർത്തിയിരിക്കുന്നു എന്നതു തന്നെയാണ്.

സമീപപ്രദേശമായ പുല്ലരിക്കുന്നിൽ പള്ളി വയ്ക്കാൻ പ്രായോഗികതടസം ഉണ്ടായതുകൊണ്ടുമാത്രം മാന്നാനം തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ അതു ദൈവത്തിന്റെ പ്രത്യേക പദ്ധതിപ്രകാരമാണെന്ന് ചാവറയച്ചനടക്കമുള്ള പുണ്യാത്മാക്കൾക്കു മാത്രമേ അന്നു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടാകൂ. എന്നാലിന്ന് ഉന്നതഗിരിശൃംഗങ്ങൾക്കില്ലാത്ത ഔന്നത്യവും വൻനഗരങ്ങൾക്കില്ലാത്ത ഗരിമയുംകൊണ്ടു ദൈവം മാന്നാനത്തെ അനുഗ്രഹസമ്പന്നമാക്കിയിരിക്കുന്നു എന്ന് കാണാത്ത ഏതു കണ്ണും കേൾക്കാത്ത ഏതു കാതും തുറക്കാത്ത ഏതു ഹൃദയവും തിരിച്ചറിയും.

മാന്നാനത്തിന്റെ ഭൗതികവും ആധ്യാത്മികവുമായ പ്രൗഢി വർണിക്കാൻ ഏറെയുണ്ട്. അതിമനോഹരമായ പ്രകൃതി. പടിഞ്ഞാറ് വേമ്പനാട്ടു കായലോളങ്ങൾ തഴുകുന്ന തെങ്ങിൻ തോപ്പുകളും അതിവിശാലമായ നെല്പാടങ്ങളും. തെക്കു കോട്ടയം മെഡിക്കൽ കോളജ്, വടക്ക് മഹാത്മാഗാന്ധി സർവകലാശാലാ കാമ്പസ്, പന്ത്രണ്ടു കിലോമീറ്റർ തെക്കു കിഴക്കായി കോട്ടയം നഗരം. എം.സി.റോഡിൽനിന്നു മാന്നാനത്തേക്കു നാലുകിലോമീറ്ററാണ് അകലം. സന്ധ്യയ്ക്ക് അസ്തമയസൂര്യൻ നൽകുന്ന കാഴ്ചവിരുന്ന് വർണിക്കാനാവാത്തത്ര ചേതോഹരം.

ഇതൊക്കെ മാന്നാനത്തിന്റെ യഥാർഥഭംഗിയുടെ ഒരംശംമാത്രം. പ്രകൃതിമനോഹരമായ ഈ ചെറുഭൂഭാഗം സ്വർഗത്തിൽ ഇടം കണ്ടെത്തിയിരിക്കുന്നു എന്നതിനോളം വരില്ല ഇവയൊന്നും. ദൈവസ്നേഹത്തിന്റെ നിറകുടങ്ങളാകാൻ സ്വയം വിട്ടുകൊടുത്ത ഒരുകൂട്ടം ധന്യാത്മാക്കളുടെ യോഗം മാന്നാനത്തിനു നൽകിയ സൗഭാഗ്യങ്ങളുടെ നിര എത്രയോ നീണ്ടതാണ്. അവരുടെയിടയിലെ മകുടമായി ദൈവപരിപാലനയാൽ വളർന്ന ചാവറയച്ചന്റെ പുണ്യജീവിതത്തിനു വേദിയായ ഭൂമി എന്നതു മാത്രം മതി മാന്നാനത്തെ അതിധന്യമാക്കാൻ.

മലബാർ സുറിയാനി സഭയെ ഇന്നത്തെ ഔന്നത്യത്തിലെത്തിച്ച മാറ്റങ്ങളിലും നടപടികളിലും മാന്നാനത്തിനുള്ള പങ്ക് മനസിലാക്കിയിട്ടുള്ളവർ ഇന്നു ചുരുക്കമാകും. 1844 മുതൽ 1890-ൽ ലവീഞ്ഞു മെത്രാന്റെ ആസ്ഥാനം ചങ്ങനാശേരിയിലേക്കു മാറ്റുന്നതുവരെയുള്ള സുറിയാനി കത്തോലിക്കാ സമൂഹത്തിന്റെ ആസ്ഥാനകേന്ദ്രമായിരുന്നു മാന്നാനം. സുറിയാനി കത്തോലിക്കരുടെ ആധികാരിക ആവശ്യങ്ങൾ നടത്തിപ്പോന്നതും റോമുമായുള്ള ബന്ധം നിലനിർത്തിയിരുന്നതും മാന്നാനം വഴിയായിരുന്നു. ഇന്നത്തെ പണ്ഡിതസമൂഹം പരിഷ്കൃതവും ആധുനികവുമായി കാണുന്ന എത്രയോ കാര്യങ്ങൾക്കാണ് ഒന്നര നൂറ്റാണ്ടുമുമ്പു ചാവറയച്ചൻ കുഴൽവിളിച്ചത്. പള്ളികളെ സാർവത്രികവിദ്യാഭ്യാസത്തിന്റെകൂടി കേന്ദ്രങ്ങളാക്കത്തക്കവിധം ഓരോ പള്ളിയോടുംചേർന്നു പള്ളിക്കൂടം പണിയണമെന്ന ആശയം നിർബന്ധപൂർവം നടപ്പാക്കാൻ കാരണക്കാരനായതു മുതൽ കേരളീയ സാമൂഹിക ജീവിതത്തിൽ ചാവറയച്ചന്റെ കാഴ്ചപ്പാടുകൾ സൃഷ്ടിച്ച വൻമാറ്റങ്ങൾ ചരിത്രം നീതിപൂർവം ഓർമിച്ചോ, ഓർമിക്കാൻ തയാറാകുന്നുണ്ടോ എന്നു സംശയിക്കണം.

1829-1831കാലഘട്ടത്തിൽ മാന്നാനത്തെ കൂട്ടായ്മജീവിതത്തിനു തുടക്കമിട്ടതുമുതൽ ഈ ചെറുകുന്നു ദർശിച്ച വളർച്ചയുടെ പടവുകൾ കരുണ നിറഞ്ഞ ദൈവപരിപാലനയുടെ അടയാളങ്ങൾ കൂടിയാണ്.

സി.എം.ഐ. സമൂഹവും കേരളസഭയും ഇന്നെന്തൊക്കെയാണോ അതെല്ലാം ആയിത്തീർന്നതിൽ മാന്നാനത്തെ ധന്യാത്മത്രയത്തിന്റെ പങ്ക് വളരെ വലുതാണ്.

പ്രകൃതിസൗന്ദര്യത്തിലും ആധ്യാത്മികചൈതന്യത്തിലും മാത്രമല്ല, ആ ചൈതന്യത്തിന്റെ അടിത്തറയാകേണ്ട വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും മാന്നാനം ഇന്നു കേരളത്തിനു മാതൃകയാണ്. കേരള സുറിയാനി സഭയുടെ ചെറിയൊരു അനുച്ഛേദവും. മൂന്നു ഹോസ്റ്റലുകളും ഒരു ബോർഡിംഗ് ഹൗസും അടക്കം പതിന്നാലു വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാന്നാനത്തുണ്ട് എന്നതിൽ നിന്നുതന്നെ അക്കാര്യം വ്യക്തമാകും. സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ മുതൽ അമലോദ്ഭവ മൈനർ സെമിനാരിവരെ പെടുന്നു അവയിൽ. ഇവയ്ക്കു പുറമേ അനാഥാലയവും മാന്നാനത്തുണ്ട്.

1985-ൽ ശതാബ്ദിയാഘോഷിച്ച സെന്റ് എഫ്രേംസ് ഹൈസ്കൂൾ, കെ.ഇ. കോളജ്, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ്, സെന്റ് ജോസഫ്സ് കംപ്യൂട്ടർ സെന്റർ എന്നിവയ്ക്കു പുറമേ എം.ജി. സർവകലാശാലയുടെ കീഴിലായി സ്കൂൾ ഓഫ് മെഡിക്കൽ സയൻസസ്, സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് പ്രിന്റിംഗ് ടെക്നോളജി എന്നിവയും മാന്നാനത്തു പ്രവർത്തിക്കുന്നു.

എന്നാൽ മാന്നാനത്തിന്റെ പാരമ്പര്യത്തിനു തിളങ്ങുന്ന തെളിവായി അവശേഷിക്കുന്ന രണ്ടു സ്മാരകങ്ങളുണ്ട്. ആദ്യത്തെ കത്തോലിക്കാ സംസ്കൃതപാഠശാലയും ആദ്യത്തെ കത്തോലിക്കാ അച്ചുകൂടവും. 1846- ൽ ചാവറയച്ചൻ സ്ഥാപിച്ച സംസ്കൃതപാഠശാല അദ്ദേഹത്തിന്റെ യാഥാർഥ്യബോധത്തിന്റെയും വിശാലമായ കാഴ്ചപ്പാടിന്റെയും പ്രതീകം കൂടിയാണ്. അന്നത്തെ സാംസ്കാരിക പശ്ചാത്തലത്തിൽ സംസ്കൃതത്തിന്റെ പ്രാധാന്യം എത്രയെന്നു ചാവറയച്ചൻ നന്നായി ഗ്രഹിച്ചു. ഓരോ ഇടവകയിലും നിന്ന് ഒരു വിദ്യാർഥിയെങ്കിലും മാന്നാനത്തുവന്നു സംസ്കൃതം പഠിക്കണമെന്നും അദ്ദേഹം നിർബന്ധം വച്ചു.

മലയാളത്തിലെ ആദ്യദിനപത്രമായി വളർന്ന നസ്രാണിദീപിക ആദ്യമായി അച്ചടിച്ച പ്രസും മാന്നാനത്തുണ്ട്. തനിയെ പോയി സർക്കാർ പ്രസ് സന്ദർശിച്ചു മനസിലാക്കിയാണ് അച്ചുകൂടത്തിന്റെ മാതൃക ചാവറയച്ചൻ വാഴപ്പിണ്ടിയിൽ ചെത്തിയുണ്ടാക്കിയത്. അതു കാണിച്ചുകൊടുത്ത് അച്ചൻ ഒരു ഇരുമ്പുപണിക്കാരനെക്കൊണ്ടു യഥാർഥ അച്ചുകൂടം ഉണ്ടാക്കിക്കുകയായിരുന്നു. അങ്ങനെ നിർമിച്ച ആദ്യത്തെ അച്ചുകൂടമാണു മാന്നാനത്തു സൂക്ഷിച്ചിട്ടുള്ളത്.

വിദ്യാഭ്യാസരംഗത്തും ആധ്യാത്മികരംഗത്തും നടപ്പാക്കിയ കാര്യങ്ങൾ മാന്നാനത്തിനു കേരളസമൂഹചരിത്രത്തിലും സഭാചരിത്രത്തിലും അതിപ്രധാനമായ സ്ഥാനം നേടിക്കൊടുത്തു. അതിനെല്ലാംതന്നെ ചാവറയച്ചൻ മുഖ്യപ്രചോദനമാകുകയും ചെയ്തു.

ഇന്നു മാന്നാനത്തെത്തുന്നവർക്ക് ആശ്രമദേവാലയത്തിനു പുറമെ കണ്ടാസ്വദിക്കാൻ ഒരു കൂട്ടം സ്മാരകങ്ങളും നിർമിതികളുമുണ്ട്. ചാവറ സ്മാരകം മുതൽ ശതാബ്ദി ആഘോഷിച്ച ഹൈസ്കൂൾ വരെ. എന്നാൽ ഇവയെയെല്ലാം അതിശയിച്ചു തലയുയർത്തിനിൽക്കുന്നതു മറ്റൊരു സ്ഥാപനം. മാന്നാനം ദേവാലയം. ചാവറയച്ചന്റെ പ്രാർത്ഥനാനമസ്കാരങ്ങളാൽ മുഖരിതവും അദ്ദേഹത്തിന്റെ ദൈവസ്നേഹാഗ്നിയാൽ പ്രശോഭിതവും ആത്മാനുതാപത്തിൽനിന്നും നന്ദിയിൽനിന്നും കരകവിഞ്ഞൊഴുകിയ കണ്ണുനീരാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ ദേവാലയം. മുപ്പത്തിമൂന്നുവർഷത്തെ പാദസ്പർശനങ്ങളാൽ ധന്യവും തന്റെ ഭൗതിക ശരീരം വിലയം കൊള്ളുന്നതുമായ ദേവാലയം. അനേകരുടെ ആശ്രയസ്ഥാനമായി, വേദനിക്കുന്ന ഹൃദയങ്ങൾക്ക് ആശ്വാസവും സമാധാനവും പകരുന്ന അഭയസ്ഥാനമായി ആശ്രമദേവാലയം.

മലമുകളിലെ ദേവാലയത്തിനുള്ളിലും അവിടത്തെ ബാഹ്യാന്തരീക്ഷത്തിലും നിലനിൽക്കുന്ന അഭൗമമായ ശാന്തിയും സമാധാനവും, ചാവറയച്ചന്റെ ആത്മാവ് നിരന്തരം അവിടേക്കു ചൊരിയുന്ന അനുഗ്രഹങ്ങൾ, അവിടത്തെ മറ്റു ധന്യാത്മാക്കളുടെ സാന്നിധ്യം ഇതെല്ലാം മാന്നാനത്തെ മറ്റെവിടെനിന്നും വ്യത്യസ്തമാക്കുന്നു.

ചാവറയച്ചന്റെ അനുഗ്രഹങ്ങൾ നേരിട്ടുവാങ്ങിയ അനേകരുടെ സാക്ഷ്യം ആശ്രമദേവാലയത്തോടു ചേർന്നുള്ള, പഴയ കെട്ടിടത്തിന്റെ താഴത്തെനിലയിൽ നേരിട്ടു കാണാം, വായിക്കാം. എത്രനേരം ആശ്രമദേവാലയ പരിസരത്തു ചെലവഴിച്ചാലുംശരി, തിരികെ മടങ്ങുമ്പോൾ മനസിൽ ഒരു ചിന്തയേ കാണൂ; അല്പംസമയംകൂടി ഇവിടെ നിൽക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. ഒരിക്കലും ചെടിപ്പിക്കാത്ത, ഒരിക്കലും വറ്റാത്ത നിത്യാനുഗ്രഹങ്ങളുടെ പുണ്യകേദാരമാണ് ഈ മാന്നാനം ദേവാലയവും ചാവറയച്ചൻ മാംസരക്തങ്ങളോടെ ജീവിച്ച ഈ അന്തരീക്ഷവും.

മാന്നാനം എത്ര ധന്യം!

# ദൈവം എല്ലാം നിറവേറ്റും

ആ: പ്രിയമുള്ള കുഞ്ഞുങ്ങളെ സർവ്വേശ്വരൻ നമ്മുടെ കർത്താവെ എങ്ങനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചു നടത്തുന്നു എന്ന് ഓർപ്പിൻ. അതായത് തമ്പുരാനെ നാം സ്നേഹിക്കണം. എന്നുള്ള മനസ് നമ്മുടെ ഹൃദയത്തിലുണ്ടെന്നും താൻ കാൺമാൻ എത്രയോ സന്തോഷത്തോടു കൂടെ നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും താൻ അന്വഷിയ്ക്കും എന്നു കാൺമിൻ.

ഇതായത്, ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ എങ്ങനെ എന്നും വിചാരിക്കുമ്പോൾ നടത്തുവാൻ വേണ്ടിയതൊക്കെയും അല്പബുദ്ധിമുട്ടും കൂടാതെ ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനംപോലെ. ആയതിൽ ഒന്നിതു തന്നെ. അതായത് ഓർക്കാതെ ഒരു ചെറിയ പുസ്തകം ഒരു മുറിയിൽ കണ്ടെത്തി എടുത്തു നോക്കിയപ്പോൾ കന്നികളിൽ അനുചാരം എന്നും കണ്ടു. അത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചത്രെ എന്നും ബോധിച്ച മലയാംഭാഷയിൽ എഴുതിയിന്നലെ തീർത്തു. ഇത് ജ്ഞാനവായനയായി മുഴുവനും ഒരു വട്ടം എങ്കിലും എല്ലാവർക്കും നല്ലവണ്ണം വായിച്ചറിയണം.

എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമുൾ പഠിച്ചു എന്നും നിരൂപിക്കയാൽ വായിപ്പാനും തർക്കമുള്ള അർത്ഥം പഠിപ്പാനും രണ്ടും കൂടെ ഉണ്ടാൽ നല്ലതെന്നും തൊന്നുകയാൽ കണ്ടെഴുതിയ തമുൾ പൊസ്തകവും കൊടുത്തയയ്ക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചുകൊള്ളണം. ഇനിക്കവേണ്ടിയും അപേക്ഷിപ്പിൻ.

**(ചാവറയച്ചൻ കന്യാസ്ത്രികൾക്ക് എഴുതിയ കത്തിൽനിന്ന്)**